## പതിമൂന്നാം കേരള നിയമസഭ
### ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .2034 — 12.02.2013-ൽ മറുപടിക്ക്

## ന്യൂനപക്ഷ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിനുള്ള മത്സ്യഫെഡ് പദ്ധതികൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ. തേറമ്പിൽ രാമകൃഷ്ണൻ<br>,, എ. പി. അബ്ദുള്ളക്കുട്ടി<br>,, ബെന്നി ബെഹനാൻ<br>,, വി. ഡി. സതീശൻ | ശ്രീ. കെ.ബാബു<br>(മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) ന്യൂനപക്ഷ മത്സ്യത്തൊഴിലാളികളുടെ ക്ഷേമത്തിന് മത്സ്യഫെഡ് എന്തെല്ലാം പദ്ധതികളാണ് തയ്യാറാക്കിയിരിക്കുന്നത്; വിശദമാക്കുമോ; | (എ) സംസ്ഥാനത്തെ ന്യൂനപക്ഷ വിഭാഗങ്ങളിൽപ്പെടുന്ന മത്സ്യത്തൊഴിലാളികൾക്കും, അവരുടെ കുടുംബങ്ങൾക്കും വേണ്ടി ദേശീയ ന്യൂനപക്ഷ വിഭാഗ ധനകാര്യ കോർപ്പറേഷൻ (NMDFC) ധനസഹായത്തോടുകൂടിയുള്ള വിവിധ വായ്പ പദ്ധതികൾ മത്സ്യഫെഡ് നടപ്പിലാക്കി വരുന്നു. മത്സ്യബന്ധന ഉപകരണങ്ങൾ വാങ്ങുന്നതിനും വിവിധ സ്വയം തൊഴിൽ സംരംഭങ്ങൾ, മത്സ്യക്കച്ചവടം എന്നിവ നടത്തുന്നതിനും അതാതു പ്രദേശത്തുള്ള മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങൾ വഴി NMDFC ടേം വായ്പകൾ വിതരണം ചെയ്തു വരുന്നു. മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന സ്വയം സഹായ ഗ്രൂപ്പുകൾക്ക് NMDFC മൈക്രോഫൈനാൻസ് വായ്പകൾ വിതരണം ചെയ്തു വരുന്നു. ഈ വായ്പകളുടെ പരമാവധി വാർഷിക പലിശ നിരക്ക് 6% (ഡിമിനിഷിംഗ് ബാലൻസ്) ആണ്. |
| (ബി) എന്തെല്ലാം പദ്ധതികൾക്കാണ് എൻ.എം.ഡി.എഫ്.സി. മുഖേന ധനസഹായം നൽകുന്നത്; വിശദാംശങ്ങൾ എന്തെല്ലാം; | (ബി) പ്രധാനമായും താഴെപറയുന്ന പദ്ധതികൾക്കാണ് മത്സ്യഫെഡ് വായ്പകൾ ലഭ്യമാക്കുന്നത്.<br>1) ടേം വായ്പകൾ<br>കൃഷി, മത്സ്യബന്ധനം, അനുബന്ധ തൊഴിലുകൾ, വിദഗ്ധ തൊഴിലുകൾ (Technical trade) ചെറുകിട കച്ചവടം വാഹന സർവ്വീസ് മുതലായവ ഏറ്റെടുത്ത് നടത്തുന്നതിനായി 3 വർഷം മുതൽ 5 വർഷം വരെ കാലാവധിയുള്ള വ്യക്തിഗത വായ്പകൾ 6% വാർഷിക പലിശ |

നിരക്കിൽ മതിയായ ഈട് വ്യവസ്ഥയിൽ പരമാവധി 2.00 ലക്ഷം രൂപ വരെ വിതരണം ചെയ്തു വരുന്നു.

2) <u>വിദ്യാഭ്യാസ വായ്പ</u>

ന്യൂനപക്ഷ വിഭാഗങ്ങളിലെ മത്സ്യത്തൊഴിലാളികളുടെ കുട്ടികൾക്ക് അംഗീകൃത പ്രൊഫഷണൽ വിദ്യാഭ്യാസത്തിനായി വർഷം തോറും 1 ലക്ഷം രൂപ വീതം പരമാവധി 4.00 ലക്ഷം രൂപ വരെ 3% വാർഷിക പലിശ നിരക്കിൽ വായ്പയായി വിതരണം ചെയ്തു വരുന്നു.

3) <u>മൈക്രോഫൈനാൻസ് പദ്ധതി</u>

മത്സ്യഫെഡിൽ അഫിലിയേറ്റ് ചെയ്തിട്ടുള്ള മത്സ്യത്തൊഴിലാളി സഹകരണ സംഘങ്ങളുടെ കീഴിൽ പ്രവർത്തിക്കുന്ന ന്യൂനപക്ഷ വിഭാഗങ്ങളിലുള്ള അംഗങ്ങളുടെ സ്വയം സഹായ ഗ്രൂപ്പുകൾക്ക് NMDFC മൈക്രോ ഫൈനാൻസ് വായ്പ വിതരണം ചെയ്തു വരുന്നു. നിലവിൽ പരമാവധി വായ്പ തുക വ്യക്തിക്ക് 20,000 രൂപ, ഗ്രൂപ്പിന് 4 ലക്ഷം രൂപ എന്നിങ്ങനെ 5% (ഡിമിനിഷിംഗ്) വാർഷിക പലിശ നിരക്കിൽ 1½ വർഷം മുതൽ 3 വർഷം വരെ കാലാവധിയിൽ വിതരണം ചെയ്തു വരുന്നു.

| | |
|---|---|
| (സി) കോർപ്പറേഷന്റെ ധനസഹായം ലഭിക്കുന്നതിന് സംസ്ഥാന ഗവൺമെന്റ് എന്തെല്ലാം നടപടികൾ എടുത്തിട്ടുണ്ട്? | (സി) NMDFC വായ്പകൾ, സംസ്ഥാന സർക്കാർ നൽകുന്ന ഗ്യാരന്റിയുടെ അടിസ്ഥാനത്തിലാണ് മത്സ്യഫെഡിന് ലഭ്യമാക്കുന്നത്. നിലവിൽ 80.00 കോടി രൂപയുടെ സർക്കാർ ഗ്യാരന്റി സംസ്ഥാന സർക്കാർ മത്സ്യഫെഡിന്റെ NMDFC വായ്പകൾക്ക് വേണ്ടി അനുവദിച്ചു നൽകിയിട്ടുണ്ട്. കൂടാതെ 50.00 കോടി രൂപയുടെ സർക്കാർ ഗ്യാരന്റി കൂടി NMDFC വായ്പകൾക്കു വേണ്ടി അനുവദിച്ചു നൽകുന്നതിനുള്ള സർക്കാർ നടപടികൾ അന്തിമഘട്ടത്തിലാണ്. |

സെക്ഷൻ ഓഫീസർ